**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5129** **20-03-2025 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ മണ്ഡലത്തിൽ നിലവിൽ ഡിജിറ്റൽ സർവ്വെ പൂർത്തിയായ വില്ലേജുകൾ ഏതെല്ലാമാണെന്നും ബാക്കിയുള്ള വില്ലേജുകളിൽ എന്നത്തേക്ക് പൂർത്തിയാകുമെന്നും അറിയിക്കാമോ; | (എ) | തിരൂർ മണ്ഡലത്തിൽ ഡിജിറ്റൽ സർവെയുടെ ആദ്യഘട്ടത്തിൽ അനന്താവൂർ, ആതവനാട്, കുറുമ്പത്തൂർ, തലക്കാട്, തിരുനാവായ, വെട്ടം എന്നീ വില്ലേജുകൾ ഉൾപ്പെട്ടന്നതും, ടി വില്ലേജുകളുടെ സെക്ഷൻ 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.<br><br>രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട തൃക്കണ്ടിയൂർ വില്ലേജിന്റെ 87.2% ഫിൽഡ് ജോലികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്.മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ വളവന്നൂർ വില്ലേജിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും, ബാക്കി വില്ലേജുകൾ തുടർ ഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിൽ അതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; | (ബി) | തിരൂർ മണ്ഡലത്തിലെ സർവെ അതിരടയാള നിയമം അനുസരിച്ചുള്ള 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയ വില്ലേജുകളിൽ ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണം വില്ലേജ് തിരിച്ച് അനുബന്ധം 1 ആയി ചുവടെ ചേർക്കുന്നു |
| (സി) | പ്രസ്തുത പരാതികളിൽ ഇനി തീർപ്പാക്കാനുള്ളവയുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ? | (സി) | പ്രസ്തുത പരാതികളിൽ ഇനി തീർപ്പാക്കാനുള്ളവയുടെ എണ്ണം വില്ലേജ് തിരിച്ച് അനുബന്ധം 2 ആയി ചുവടെ ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ക്രമ നമ്പർ | വില്ലേജ് | ലഭിച്ച പരാതിയുടെ എണ്ണം |
|---|---|---|
| 1 | അനന്താവൂർ | 1372 |
| 2 | ആതവനാട് | 1385 |
| 3 | കുറുമ്പത്തൂർ | 1447 |
| 4 | തലക്കാട് | 3482 |
| 5 | തിരുനാവായ | 2086 |
| 6 | വെട്ടം | 1421 |

**അനുബന്ധം - 2**

| ക്രമ നമ്പർ | വില്ലേജ് | തീർപ്പാക്കാനുള്ള പരാതിയുടെ എണ്ണം |
|---|---|---|
| 1 | അനന്താവൂർ | 0 |
| 2 | ആതവനാട് | 2 |
| 3 | കുറുമ്പത്തൂർ | 2 |
| 4 | തലക്കാട് | 260 |
| 5 | തിരുനാവായ | 216 |
| 6 | വെട്ടം | 155 |